(എഫ്) വിനോദസഞ്ചാര വികസന അതോറിറ്റികൾ നിലവിൽ വന്നിട്ടില്ല.

പഞ്ചിംഗ് സമ്പ്രദായം

22 (*22)ശ്രീ. എം.കെ. മുനീർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ച്യുതൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഡി) എന്നുമുതലാണ് ഈ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഇ) ഇതു സംബന്ധിച്ച് ഭരണപരിഷ്കാരസമിതി നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്;

(എഫ്) സർക്കാർ തീരുമാനം ജീവനക്കാരുടെ സംഘടനകൾ സ്വാഗതം ചെയ്തിട്ടുണ്ടോ;

(ജി) ജീവനക്കാർക്കു കൃത്യമായി ഓഫീസിൽ എത്തുന്നതിന് ആവശ്യമായ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമുള്ളത്ര സ്റ്റാഫ് കാർട്ടേഴ്സുകൾ സ്ഥാപനത്തിൽ നിന്നും അധികം ദൂരെ അല്ലാതെ പണിത് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ ഈ നടപടി പൂർത്തിയാക്കുന്നതുവരെ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം നീട്ടി വയ്ക്കാമോ;

(ഐ) സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നില ഉറപ്പാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഭരണസംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭരണപരിഷ്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. ഇതിനുവേണ്ടി നടപടികൾ എടുത്തുവരുന്നു.

(ഡി) തീയതി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെക്രട്ടറിയേറ്റിൽ ഹാജർ നീരീക്ഷണ നിയന്ത്രണ സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സെക്രട്ടേറിയറ്റ് അനക്സ് കെട്ടിടത്തിൽ ഇത് നടപ്പിലാക്കണമെന്നും ക്രമേണ സെക്രട്ടേറിയറ്റിന്റെ മറ്റ്, കെട്ടിടങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നുമാണ് ഭരണപരിഷ്ക്കാരസമിതിയുടെ ശുപാർശ. അതോടൊപ്പംതന്നെ ഈ സംവിധാനം പൊതു വിദ്യാഭ്യാസഡയറക്ടർ, ആരോഗ്യ വകുപ്പു ഡയറക്ടർ എന്നിവരുടെ ആഫീസുകളിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ടറേറ്റിലും നടപ്പിലാക്കണമെന്നും ശുപാർശ നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ഈ സംവിധാനം സെക്രട്ടേറിയറ്റിന്റെ എല്ലാ കെട്ടിടങ്ങളിലും നടപ്പിലാക്കുന്നതിനോടൊപ്പം വകുപ്പുതലവൻമാരുടെയും പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കമുള്ള ജില്ലാതല ഓഫീസുകളിലും നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) സർക്കാർ തീരുമാനം പൊതുവിൽ ജീവനക്കാരുടെ സംഘടനകൾ സ്വാഗതം ചെയ്തിട്ടുണ്ട്. എന്നാൽ ചില സംഘടനകൾ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ജി)& (എച്ച്) സർക്കാരിന്റെ പരിപാടികളുടെ ഭാഗമായി ക്വാർട്ടേഴ്സുകളുടെ നിർമ്മാണവും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. പക്ഷെ, സർക്കാർ ഓഫീസുകളിൽ ഹാജർ നില മെച്ചപ്പെടുത്തുന്നതിനുള്ള പഞ്ചിംഗ് സമ്പ്രദായവുമായി ഇതിനെ ബന്ധപ്പെടുത്താൻ സാദ്ധ്യമല്ല.

(ഐ) സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നില ഉറപ്പാക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിനും, പഞ്ചിംഗ് ഉൾപ്പെടെയുള്ള ഹാജർ നിരീക്ഷണനിയന്ത്രണ സംവിധാനം നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം

23 (*23)ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിർത്തലാക്കാൻ കേന്ദ്രഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ;

(ബി) റേഷൻ സമ്പ്രദായം നിർത്താലാക്കുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം എത്രത്തോളം ദോഷകരമാകുമെന്ന് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികളെയും ഉപഭോക്താക്കളെയും ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

LIBRARY ARCHIVES Kerala Legislative Assembly